LIBRARY ARCHIVES Kerala Legislative Assembly

പത്താം ശമ്പള കമ്മീഷൻ റിപ്പോർട്ട്

36(5618) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്താം ശമ്പള കമ്മീഷൻ റിപ്പോർട്ടിന്റെ ഒരു ഭാഗം സമർപ്പിക്കപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ ആയതിന്റെ അടിസ്ഥാനത്തിൽ എന്ന് ഉത്തരവ് ഇറക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദവിവരം നൽകുമോ ;

(ബി) ഇതിനായി മന്ത്രിസഭാ ഉപസമിതിയെ ചുമതലപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; പരിഗണനാ വിഷയങ്ങൾ ഇക്കാര്യത്തിൽ നിർദ്ദേശിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ശമ്പള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പെൻഷൻ പ്രായം 58 ആക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ സർക്കാരിന്റെ നയം വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) പത്താം ശമ്പള കമ്മീഷൻ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയാണ്.

ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാതിരിക്കുന്ന നടപടി

37(5619) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ വകുപ്പുകളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന നിർദ്ദേശം അവഗണിച്ച് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഏതൊക്കെ വകുപ്പുകളാണ് ഇക്കാര്യത്തിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയിട്ടുള്ളത് ; എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്യാത്തതായി കണ്ടെത്തിയിട്ടുള്ളത് ; വ്യക്തമാക്കാമോ ;

(സി) സർക്കാരിന്റെ ആവർത്തിച്ചുള്ള നിർദ്ദേശം അവഗണിച്ച ഉദ്യോഗസ്ഥർക്കെതിരെ മാതൃകാപരമായ നടപടി സ്വീകരിക്കുമോ ?